**'ഭരണഭാഷ - മാതൃഭാഷ'**

നം.കെ1/41297/2016/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം
തീയതി : 22.11.2016.
ഫോൺ-0471-2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഓഫീസുകളിൽ നിലവിലുള്ള പഴയ 500/1000 രൂപാ നോട്ടുകളുടെ ഇടപാട് - സംബന്ധിച്ച്.

*******

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. 500/1000 രൂപാ നോട്ടുകൾ കേന്ദ്ര സർക്കാർ പിൻവലിച്ച സാഹചര്യത്തിൽ ഇത്തരം നോട്ടുകളുടെ ഇടപാട് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകണമെന്ന ആവശ്യം വിവിധ ഓഫീസുകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഇതുവരെ ചെലവഴിക്കാതെ ഓഫീസുകളിൽ ബാക്കി നിൽക്കുന്ന തുക, ട്രഷറിയിൽ ടിഎസ്ബി അക്കൗണ്ടിൽ തന്നെ ക്രെഡിറ്റ് ചെയ്യേണ്ടതും ബാങ്കിൽ നിന്നും പിൻവലിച്ച് ഇതുവരെ ചെവഴിക്കാതെ ബാക്കി നിൽക്കുന്ന തുക ബന്ധപ്പെട്ട ബാങ്കിൽ തന്നെ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്. ഇതിനായി 2016 നവംബർ 8 വരെ ട്രഷറി /ബാങ്കിൽ നിന്നും പിൻവലിച്ച തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് (താഴെ ചേർത്തിരിക്കുന്ന മാതൃകയിൽ) ബന്ധപ്പെട്ട ഡിഡിഒ തയ്യാറാക്കേണ്ടതും അതോടൊപ്പം ഈ തുക പൂർണ്ണമായും ഔദ്യോഗിക ആവശ്യത്തിനായി ട്രഷറി/ബാങ്കിൽ നിന്നും പിൻവലിച്ചതാണെന്ന സർട്ടിഫിക്കറ്റ് കൂടി നൽകുകയും ചെയ്യേണ്ടതാണ്.

ക്രെഡിറ്റ് ചെയ്യുന്ന തുകയുടെ വിശദ വിവരങ്ങൾ

സ്ഥാപനത്തിന്റെ പേര്:

| ക്രമ നമ്പർ | ബില്ല് നമ്പർ/ ചെക്ക് നമ്പർ | പിൻവലിച്ച തീയതി | പിൻവലിച്ച തുക | പിൻവലിക്കലിന്റെ ഉദ്ദേശ്യം | വിതരണം ചെയ്യാൻ ബാക്കിയുള്ള തുക | വിതരണം ചെയ്യാത്തതിന്റെ കാരണം |
|---|---|---|---|---|---|---|
| | | | | | | |

ഒപ്പ്/-
വി.അജയകുമാർ
സീനിയർ ഫിനാൻസ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഇ.വി.22.11.2016.

23350

GOVERNMENT OF KERALA 2015